LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിൽനിന്നും കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക

14 [2478] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച മൊത്തം തുക എത്രയായിരുന്നു?

(ബി) ഏതെല്ലാ ഇനങ്ങളിലായി എത്ര തുക വീതം സംസ്ഥാനത്തിന് തന്നാണ്ടിൽ ലഭിക്കുകയുണ്ടായി;

(സി) 2005-2006 സാമ്പത്തിക വർഷത്തേക്ക് കേന്ദ്രമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത വർഷം ഏതെല്ലാം ഇനങ്ങളിലായി എത്ര തുകവീതം കേന്ദ്ര നികുതിയായി സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്നു;

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശപ്രകാരം സംസ്ഥാനനികുതി വിഹിതത്തിൽ അടുത്ത വർഷം വർദ്ധന ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച മൊത്തം തുക 2515.34 കോടി രൂപയായിരുന്നു.

(ബി) 2005 ഫെബ്രുവരി മാസം വരെയുള്ള താൽക്കാലിക കണക്കുകളനുസരിച്ച് സംസ്ഥാനത്തിന് ലഭിച്ച ഇനം തിരിച്ചുള്ള കേന്ദ്ര നികുതി വിഹിതം താഴെപ്പറയും പ്രകാരമാണ്

നികുതി/തീരുവ	തുക (കോടിയിൽ)
(1) കോർപ്പറേഷൻ നികുതി	577.00
(2) ആദായ നികുതി	312.17
(3) സമ്പത്ത് നികുതി	0.37
(4) കസ്റ്റംസ് തീരുവ	365.70
(5) കേന്ദ്ര എക്സൈസ് തീരുവ	590.41
(6) മറ്റു നികുതികളും തീരുവകളും	(-) 0.33
(7) സേവന നികുതി	99.22
ആകെ	1944.54

(സി) 2005-06 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഇനങ്ങളിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം ഇപ്രകാരമാണ്

നികുതി/തീരുവ	തുക (കോടിയിൽ)
(1) കോർപ്പറേഷൻ നികുതി	764.85
(2) ആദായ നികുതി	494.40
(3) സമ്പത്ത് നികുതി	1.36
(4) കസ്റ്റംസ് തീരുവ	405.65
(5) കേന്ദ്ര എക്സൈസ് തീരുവ	725.24
(6) മറ്റു നികുതികളും തീരുവകളും	(-) 0.26
(7) ചെലവ് നികുതി	(-) 0.14
(8) സേവന നികുതി	141.41
ആകെ	2532.51

(ഡി) വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 2004-05-ലെ പൂർണ്ണമായ കണക്കുകൾ ലഭിച്ചശേഷമേ ഓരോ നികുതിയിനത്തിലുമുണ്ടാകാവുന്ന വർദ്ധനവ് തിട്ടപ്പെടുത്താനാവൂ.

ആദായ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച തുക

15 [2479] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യ മന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച 2005-06 ലേക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളിലെ ആദായ നികുതിയെ സംബന്ധിച്ച നിർദേശം സംസ്ഥാനത്തിന്റെ ആദായ നികുതി വിഹിതത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) മുൻ സാമ്പത്തിക വർഷവും തന്നാണ്ടിലും കേന്ദ്ര ഗവൺമെന്റ് ആദായ നികുതി വിഹിതമായി കേരളത്തിനു നൽകിയ തുക എത്ര;

(സി) 2005-06 സാമ്പത്തിക വർഷത്തിൽ എത്ര തുക ആദായ നികുതി വിഹിതമായി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly